# അമ്പത് പൈസയുടെ വായാടിത്തം

**• ടോബിൻ കുമരകം**

ഇരുപത്തഞ്ചു പൈസ പുരാവസ്തു ശേഖരത്തിലേക്ക് മാറ്റപ്പെട്ടപ്പോൾ ഇതറിഞ്ഞ് അമ്പത് പൈസ അഹങ്കാരത്തോടെ അതിനോട് പറഞ്ഞു:

‘‘നിനക്ക് ഇപ്പോൾ വിപണിയിൽ എന്തെങ്കിലും മൂല്യം ഉണ്ടോ? നീ കാരണം ഇനി ആർക്കെങ്കിലും ഒരു സമ്പാദ്യം ഉണ്ടാകുമോ? ഈ അടുത്തനാൾ വരെ നിങ്ങള് രണ്ടുപേര് കൂടുമ്പോഴും ഞാനല്ലേ ഉണ്ടായിക്കൊണ്ടിരുന്നത്? ഇനി അതും ഇല്ല... അതുകൊണ്ട് ഇനി മുതൽ ഞാനാണ് ഒന്നാമൻ. ഞാൻ കഴിഞ്ഞിട്ടേ ഉള്ളൂ ഇനി ഒരു രൂപ പോലും...’’ ഇതു കേട്ടതും ഇരുപത്തഞ്ച് പൈസ പറഞ്ഞു:

‘‘അഹങ്കരിക്കരുത്... ആരെയും പുച്ഛിക്കരുത്...’’

‘‘ഒന്നു പോടാ ഉവ്വേ ... ഞാൻ കഴിഞ്ഞിട്ടേ ഉള്ളൂ ഇനി എല്ലാം...’’ ഇതെല്ലാം കേട്ട് ഇരുപത്തഞ്ച് പൈസ മൗനം ഭജിച്ചു.

വർഷങ്ങൾ ചിലത് കഴിഞ്ഞുപോയി. അമ്പത് പൈസക്ക് വിപണിയിൽ മൂല്യം ഇല്ലാതായി. താമസിയാതെ തന്നെ അമ്പത് പൈസ ഇരുപത്തഞ്ച് പൈസയോടൊപ്പം ചിലരുടെ പുരാവസ്തു ശേഖരത്തിലേക്ക് മാറ്റപ്പെടും.

വിപണിയിൽ തന്റെ സ്ഥാനം പോയതറിഞ്ഞ് അമ്പത് പൈസ ദുഃഖിച്ചിരിക്കുന്നത് കണ്ട് ഇരുപത്തഞ്ച് പൈസ അമ്പത് പൈസയുടെ അടുക്കലെത്തി ആശ്വസിപ്പിച്ചു:



‘‘വർഷങ്ങൾക്കുമുമ്പ്, ഞാൻ നിന്നെ താക്കീത് ചെയ്തതാണ്, ആരെയും അവഹേളിക്കരുതെന്ന്. എന്നാൽ നീ അത് ചെവിക്കൊണ്ടില്ല. ഞാൻ അന്ന് നിന്നോട് കൂടുതൽ തർക്കിക്കാതിരുന്നത്, എന്റെ അവസ്ഥ നിനക്കും വരുമെന്ന് എനിക്കറിയാമായിരുന്നതുകൊണ്ടാണ്. നീ വിഷമിക്കണ്ട. വർഷങ്ങൾ കഴിയുമ്പോൾ ഒരു രൂപയും നമ്മുടെ അടുത്തെത്തും. ഈ ഭൂമിയിൽ നമുക്കാർക്കും ശാശ്വതമായി നിലനിൽപ്പില്ല.’’ ഈ ഭൂമിയിൽ തങ്ങൾ ഒന്നുമല്ലെന്ന് അമ്പതുപൈസക്ക് മനസ്സിലായി.

▸▸ ഒ.എൻ.വി കുറുപ്പിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി– അക്ഷരം